19-11-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/11/2022.

1. പച്ചത്തേങ്ങ സംഭരണത്തിനായി കർഷകർക്ക് അതാത് ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട രേഖകളുമായി സമീപിക്കാവുന്നതാണ്. കൃഷിഭവനിലെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, നികുതി രസീത്, ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുമായി സംഭരണ കേന്ദ്രത്തിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യാം. പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച സംശയനിവാരണത്തിനായി കർഷകർക്ക് അതാത് കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

2. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി ബ്ലോക്കിലെ കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. **2022 നവംബർ 21** വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിലെ കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

3. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ അപകടകരമായി നിൽക്കുന്ന മരങ്ങളും മരങ്ങളുടെ ശിഖരങ്ങളും ഈ മാസം 21 -ന് (നവംബർ 21) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവർ 21-ന് രാവിലെ 10.30-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 500 രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടുക.

5. തിരുവനന്തപുരം വെള്ളനാട് മിത്രനികേതൻ കെവികെയിൽ ശീതകാല പച്ചക്കറിവിളകളുടെ പ്രോട്രേ തൈകൾ, തെങ്ങിന്റെ മണ്ടചീയൽ, ഓലകരിച്ചിൽ എന്നീ കുമിൾരോഗങ്ങളെ പ്രതിരോധിക്കുന്നതിന് ട്രൈക്കോഡെർമ കേക്ക്, വിളവെടുപ്പിന് പാകമാകുന്ന ചിപ്പിക്കൂൺ തടങ്ങൾ, വാഴക്കുല പൊതിയുന്ന കവർ, വാഴക്കുല പൊതിയുന്ന ഉപകരണം, മണ്ണിരക്കമ്പോസ്റ്റ്, മത്തിക്കഷായം, മുട്ടക്കഷായം, കൂണപജലം, പഞ്ചഗവ്യം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8281114479** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവകലാശാല, മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാന വ്യാപന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30-ന് **മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് https://forms.gle/NkmmCiP1fzPQK7z89 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ മാസം 25-ആണ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് റജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഇന്ന് (നവംബർ 21) വൈകുന്നേരം 5 മണി വരെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. യുവ സംരംഭകർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് **0471-2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്ട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

8. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് നവംബർ 22 മുതൽ ഡിസംബർ 02 വരെയുള്ള 10 പ്രവർത്തി ദിവസങ്ങളിലായി ക്ഷീരോത്പന്ന നിർമ്മാണത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. താൽപര്യമുള്ള പരിശീലനാർത്ഥികൾ നാളെ (നവംബർ 20 ന്) വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. മുണ്ടകൻ കൃഷി ചെയ്യാത്ത നെൽപാടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും പയർ കൃഷി ചെയ്യാൻ അനുയോജ്യമായ സമയമാണ് ഇപ്പോൾ. എല്ലാവിധ പയർ വർഗ വിളകളുടെയും വിത്ത് വിതയ്ക്കുന്നതിനു മുൻപ് വിത്തുകൾ റൈസോബിയം എന്ന ജൈവ വളവുമായി സംയോജിപ്പിച്ച ശേഷം വിതയ്ക്കുകയാണെങ്കിൽ 15 മുതൽ 20% വരെ ഉത്പാദനത്തിൽ വർദ്ധനവ് ലഭിക്കാൻ കാരണമാകും. 5 മുതൽ 10 കിലോഗ്രാം വരെ വിത്തുകൾ പരിചരിക്കുന്നതിനു 500 ഗ്രാം റൈസോബിയത്തോടൊപ്പം ആവശ്യമായ വെള്ളമോ അല്ലെങ്കിൽ തലേ ദിവസത്തെ കഞ്ഞിവെള്ളമോ കൂട്ടിച്ചേർത്തു അതിലേക്ക് വിത്തുകൾ മുക്കി വെച്ച ശേഷം നേരിട്ട് വെയിൽ ഏൽക്കാത്ത തണലുള്ള സ്ഥലങ്ങളിൽ ചണച്ചാക്കിൽ വിത്തുകൾ നിരത്തി ഉണക്കിയ ശേഷം പെട്ടെന്ന് തന്നെ വിതയ്ക്കുകയാണ് ചെയ്യേണ്ടത്. കഞ്ഞി വെള്ളത്തിൽ റൈസോബിയം ചേർക്കുന്നത് വഴി വിത്തുകളിൽ റൈസോബിയം നല്ല രീതിയിൽ ഒട്ടിപ്പിടിക്കാൻ സഹായിക്കും.